

ബാംഗ്ലൂർ നോർത്ത് സർവകലാശാലയും കൊത്തന്നൂർ ക്രിസ്തുജയന്തി കോളജും സംയുക്തമായി സംഘടിപ്പിച്ച ദേശീയ വിദ്യാഭ്യാസ നയ സെമിനാർ ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ.സി.എൻ. അശ്വഥ് നാരായൺ ഉദ്ഘാടനം ചെയ്യുന്നു.

# പുതിയ വിദ്യാഭ്യാസ നയം കാലഘട്ടത്തിന്റെ ആവശ്യം: മന്ത്രി അശ്വഥ് നാരായൺ

ബെംഗളൂരു● പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റമാണ് ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ നടപ്പിലാക്കുന്നതെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ.സി.എൻ അശ്വഥ് നാരായൺ. പുസ്തകത്തിൽ നിന്ന് മാത്രം അറിവ് നൽകുന്ന പരമ്പരാഗത രീതി കാലഹരണപ്പെട്ട് കഴിഞ്ഞു. സയൻസും സാങ്കേതിക വിദ്യയും സംയോജിപ്പിച്ചുള്ള പഠനരീതിയാണ് പുതിയ വിദ്യാഭ്യാസ നയത്തിലൂടെ നടപ്പിലാക്കുന്നത്.

ബാംഗ്ലൂർ നോർത്ത് സർവകലാശാലയും കൊത്തന്നൂർ ക്രിസ്തുജയന്തി കോളജും സംയുക്തമായി സംഘടിപ്പിച്ച ദേശീയ വിദ്യാഭ്യാസ നയ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പ്രിൻസിപ്പൽ ഡോ.റവ.അഗസ്റ്റിൻ ജോർജ് മുഖ്യപ്രഭാഷണം നടത്തി.

ഉന്നത വിദ്യാഭ്യാസ വകുപ്പ് കമ്മിഷണർ പി.പ്രദീപ്, ഉന്നത വിദ്യാഭ്യാസ വകുപ്പ് കൗൺസിൽ വൈസ് ചെയർമാൻ പ്രഫ. ബി. തിമ്മെ ഗൗഡ, വൈസ് ചാൻസലർ പ്രഫ.ഡി. കുമുദ, റജിസ്ട്രാർ ഡോ.വെങ്കിടേഷ് മൂർത്തി എന്നിവർ പങ്കെടുത്തു.